"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് - ശ്രീ.എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - കരാർ സേവന കാലാവധി ദീർഘിപ്പിച്ചു നൽകി- ഉത്തരവാകുന്നു.

---

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

G.O.(Ms)No.5/2024/F&P തീയതി,തിരുവനന്തപുരം, 29-02-2024

---

പരാമർശം:-

1. 09-10-2017 തീയതിയിലെ സ.ഉ. (കൈ) നം.19/2017/മ.തു.വ
2. 28-05-2019 തീയതിയിലെ സ.ഉ. (എം.എസ്) നം.14/2019/മ.തു.വ
3. 18-03-20222 തീയതിയിലെ സ.ഉ. (കൈ) നം. 7/2022/പി. & ഇ.എ
4. 21-01-2023 തീയതിയിലെ സ.ഉ. (കൈ) നം.3/2023/മ.തു.വ
5. 24-01-2024 തീയതിയിൽ മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി & സി.ഇ.ഒ. സമർപ്പിച്ച കുറിപ്പ്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനായി പരാമർശം 1 പ്രകാരം രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് കമ്പനിയായ "അഴീക്കൽ പോർട്ട് ലിമിറ്റഡ്" (പുതിയ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്")- ൽ പരാമർശം 2 പ്രകാരം മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുൾപ്പെടെ നാല് തസ്തികകൾ കോൺട്രാക്റ്റ് വ്യവസ്ഥയിൽ സൃഷ്ടിക്കുന്നതിനും മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) നെ നിയമിക്കുന്നതിനും അനുമതി നല്കി ഉത്തരവായിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.എൽ.രാധാകൃഷ്ണൻ ഐ.എ.എസ് (റിട്ട.) ന്റെ സേവനകാലാവധി പരാമർശം 3—ലെ ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ വരുത്തി, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, 3 വർഷത്തേക്ക് അല്ലെങ്കിൽ 70 വയസ്സ് വരെ ഏതാണോ ആദ്യം എന്ന രീതിയിൽ ദീർഘിപ്പിക്കുന്നതിന് പരാമർശം 4 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

3. ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ് (റിട്ട.) ന് 15-02-2024 തീയതിയിൽ 70 വയസ്സ് പൂർത്തിയായതിനാൽ, അദ്ദേഹത്തിന്റെ കരാർ കാലാവധി 15-02-2024 -ൽ അവസാനിച്ചിരുന്നു. 16-02-2024 തീയതിയിൽ ഡയറക്ടർ ബോർഡ് യോഗം ചേരുന്നതിനാൽ ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. എൽ. രാധാകൃഷ്ണൻ

ഐ.എ.എസ്.(റിട്ട.)-ന്റെ കരാർ സേവനകാലാവധി പരാമർശം 3 ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ വരുത്തി 16-02-2024 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
PRINCIPAL SECRETARY

മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (22-02-2024 തീയതിയിലെ 2703014/PU-B3/119/2018-FIN-Part(2) നം. ഫയൽ പ്രകാരം)

പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പ് (15-02-2024 തീയതിയിലെ PLGEA-BPE3/16/2024-PLGEA നം. ഫയൽ പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (28-02-2024 ലെ ഇനം നം. 2091 പ്രകാരം)

✓ Website & New Media, I&PRD (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 29-02-2024 14:59:48

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തുറമുഖ വകുപ്പ് പ്രൈവറ്റ് സെക്രട്ടറിക്ക്